**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—വിവിധ വകുപ്പുകളിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ക്ലർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് തസ്തികമാറ്റ നിയമനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്**

സ.ഉ. (അച്ചടി) നം.6/2022/ഉ.ഭ.പ.വ. തീയതി, തിരുവനന്തപുരം, 21-07-2022

---

പരാമർശം:— (1) സ.ഉ. (പി) നം. 1/2014/ഉ.ഭ.പ.വ. തീയതി: 3/1/2014.
(2) സ.ഉ. (പി) നം. 21/2014/ഉ.ഭ.പ.വ. തീയതി: 19/7/2014.
(3) സ.ഉ. (പി) നം. 16/2015/ഉ.ഭ.പ.വ. തീയതി: 28/5/2015.
(4) സ.ഉ. (പി) നം. 19/2015/ഉ.ഭ.പ.വ. തീയതി: 20/6/2015.
(5) സ.ഉ. (പി) നം. 6/2019/ഉ.ഭ.പ.വ. തീയതി: 24/8/2019.

**ഉത്തരവ്**

വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി. ക്ലർക്ക്/എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് അതതു വകുപ്പുകളിലെ ക്ലാസ് IV/സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (2) മുതൽ (4) വരെയുള്ള ഉത്തരവുകൾ പ്രകാരം ടി തസ്തികമാറ്റ നിയമനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണവും നൽകിയിരുന്നു. എൽ.ഡി. ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ കേഡർ സ്ട്രെങ്തിന്റെ 10% തസ്തികമാറ്റ നിയമനത്തിനായി ജില്ലാതലത്തിൽ മാറ്റിവയ്ക്കാൻ കഴിയാത്ത വകുപ്പുകളിൽ സംസ്ഥാനതലത്തിലെ അംഗബലം കണക്കാക്കി അതിന്റെ 10% ലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുവാൻ പരാമർശം (3) ഉത്തരവിൽ നിർദ്ദേശിക്കുകയുണ്ടായി. ടി ഉത്തരവിൽ കൂടുതൽ വ്യക്തത വരുത്തി പരാമർശം (4) ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം 5-ലെ ഉത്തരവിൽ അതത് വകുപ്പുകളിലെ വിശേഷാൽ ചട്ട പ്രകാരം ഏതെങ്കിലും വകുപ്പുകളിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 10 ശതമാനത്തിനുമേൽ തസ്തികമാറ്റം അനുവദിച്ചിരുന്നുവെങ്കിൽ ആയത് തുടരുവാൻ അനുവദിച്ചും ഉത്തരവായിട്ടുണ്ട്.

Scanned with CamScanner

2. സീനിയോറിറ്റി സംസ്ഥാന തലത്തിൽ കണക്കാക്കി ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ തസ്തികമാറ്റ നിയമനം ലഭിക്കുന്ന ജീവനക്കാർ നേരിടേണ്ടിവരുന്ന വിവിധ തരത്തിലുള്ള സർവീസ് പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടും ആയത് പരിഹരിക്കപ്പെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും സർവീസ് സംഘടനകൾ നിവേദനം സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ടി ആവശ്യങ്ങൾ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ താഴ്ന്ന വിഭാഗം ജീവനക്കാരുടെ തസ്തികമാറ്റ നിയമനവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

(1) 3/1/14-ലെ സ.ഉ. (പി) നം. 1/2014/ഉ.ഭ.പ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളിലേക്കുള്ള തസ്തികമാറ്റ നിയമനത്തിനായി ഓരോ തസ്തികയിലേക്കും പ്രത്യേകം പ്രത്യേകം മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടതാണ്. ഇത്തരത്തിൽ പ്രത്യേകം പട്ടികകൾ തയ്യാറാക്കുമ്പോൾ ജീവനക്കാരൻ യോഗ്യനാണെങ്കിൽ രണ്ടു പട്ടികകളിലും ഉൾപ്പെടുത്താവുന്നതാണ്.

(i) മുൻഗണനാ പട്ടികകളിൽ ഉൾപ്പെട്ടിട്ടുള്ള ഒരു ജീവനക്കാരന് തസ്തികമാറ്റ നിയമനം പരിത്യജിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും.

(ii) ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളിലെ ഏതെങ്കിലും ഒരു തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം പരിത്യജിക്കുന്നത് മറ്റേ തസ്തികയിലെ നിയമനത്തിനായി പരിഗണിക്കുന്നതിന് തടസ്സമല്ല.

(iii) ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളിലേതെങ്കിലും ഒന്നിൽ തസ്തികമാറ്റ നിയമനം സ്വീകരിച്ചു കഴിഞ്ഞാൽ മറ്റേ തസ്തികയിൽ നിയമനത്തിന് പരിഗണിക്കുന്നതല്ല.

(2) 28/05/2015-ലെ സ.ഉ. (പി) നം. 16/2015/ഉ.ഭ.പ.വ. പ്രകാരം കേഡർ സ്ട്രെങ്ത് സംസ്ഥാന തലത്തിൽ കണക്കാക്കുന്ന സന്ദർഭത്തിൽ, ടി തസ്തികകളിൽ തസ്തികമാറ്റം ലഭിക്കുന്നവരുടെ കാര്യത്തിൽ തസ്തികമാറ്റ നിയമനത്തിനായി ഒരു ജില്ല ഓപ്റ്റ്

Scanned with CamScanner

ചെയ്യാവുന്നതും ഇത്തരത്തിൽ ഓപ്റ്റ് ചെയ്ത ജില്ല ടി ജീവനക്കാരന്റെ മാതൃജില്ലയായി കണക്കാക്കേണ്ടതുമാണ്.

(i) സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഒഴിവുള്ള ജില്ലയിൽ തസ്തികമാറ്റ നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് ടിയാളുകളുടെ മാതൃജില്ലയിൽ ടി വകുപ്പിൽ തസ്തികമാറ്റ നിയമനത്തിനായി മാറ്റി വച്ചിട്ടുള്ള ഒഴിവുകളിൽ അപേക്ഷ പ്രകാരം, സർവീസ് സീനിയോറിറ്റി പാലിച്ച് സ്ഥലം മാറ്റം അനുവദിക്കേണ്ടതാണ്. മാതൃജില്ലയിലേക്ക് ഒഴികെയുള്ള മറ്റ് അന്തർ ജില്ലാ മാറ്റങ്ങൾക്ക് 02/12/1991-ലെ സ.ഉ. (പി) നം. 36/91/ഉ.ഭ.പ.വ. ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള 5 വർഷ കാലയളവെന്ന വ്യവസ്ഥ ബാധകമാണ്.

(ii) ഇത്തരത്തിൽ മാതൃ ജില്ലയിലേക്ക് സ്ഥലം മാറ്റം അനുവദിക്കുമ്പോൾ തസ്തികമാറ്റ നിയമനം ലഭിച്ച തീയതിയെ അടിസ്ഥാനമാക്കിയാണ് സർവീസ് സീനിയോറിറ്റി നിർണ്ണയിക്കേണ്ടത്.

(iii) സീനിയറായിട്ടുള്ള ജീവനക്കാർ മാതൃ ജില്ലയിലെ ഒഴിവിലേക്ക് സ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അത് പരിഗണിച്ച് ടി ഒഴിവുകളിൽ നിയമനം നൽകിയതിനുശേഷം ഒഴിവുകൾ പുനർനിർണയിക്കേണ്ടതും അതിനുശേഷം തുടർന്നുള്ള തസ്തികമാറ്റ നിയമനം അനുവദിക്കേണ്ടതുമാണ്.

(iv) സംസ്ഥാനതല സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ തസ്തികമാറ്റം ലഭിച്ചവരുടെ മാതൃ ജില്ലയിലേക്ക് ഒഴികെയുള്ള അന്തർ ജില്ലാമാറ്റ നിയമനങ്ങളിൽ പുതിയ ജില്ലയിൽ സേവനത്തിൽ പ്രവേശിക്കുന്ന തീയതി അടിസ്ഥാനമാക്കി സീനിയോറിറ്റി പുനർ നിർണ്ണയിക്കേണ്ടതാണ്.

(3) തസ്തികമാറ്റത്തിനായി മാറ്റിവച്ചിട്ടുള്ള ഒഴിവുകളിലേക്ക് മാത്രമേ തസ്തികമാറ്റം മുഖേന ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാർക്ക് അന്തർ ജില്ലാ മാറ്റം അനുവദിക്കാവൂ.

(4) 02/12/1991-ലെ സ.ഉ. (പി) നം. 36/91/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം അന്തർ ജില്ലാ മാറ്റം നൽകുന്നതിനായി നിശ്ചയിച്ചിട്ടുള്ള 10% എന്ന പരിധി കണക്കാക്കുന്നതിൽ നിന്നും

Scanned with CamScanner

ഇത്തരത്തിൽ തസ്തികമാറ്റത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്ക് നടത്തുന്ന അന്തർ ജില്ലാ സ്ഥലം മാറ്റങ്ങളെ ഒഴിവാക്കേണ്ടതാണ്.

4. പരാമർശം (1) ഉത്തരവും അനുബന്ധ ഉത്തരവുകളും മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ആഷ തോമസ് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ വകുപ്പമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/
എല്ലാ ജില്ലാ കളക്ടർമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/
ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർക്ക്.
വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് [പ്രചാരണത്തിന്].
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-എ, ബി, സി) വകുപ്പുകൾ.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

Scanned with CamScanner